(ഡി) 2005 മേയ് 31-ന് ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര സ്ത്രീകളും കുട്ടികളും കൊലചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

സ്ത്രീപീഡനംമൂലമുള്ള ആത്മഹത്യകൾ

39. [39] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് സ്ത്രീ പീഡനത്തെത്തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സ്ത്രീ പീഡനത്തെ തുടർന്ന് എത്ര കൊലപാതക കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തുനിന്നും തട്ടിക്കൊണ്ടുപോയവർ

40. [40] ശ്രീ. എ. കെ.ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തുനിന്നും; എത്ര പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്.

(ബി) ഇതിൽ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര; കുട്ടികൾ എത്ര;

(സി) തട്ടിക്കൊണ്ടുപോയവരിൽ എത്ര പേർ പിന്നീട് മരണപ്പെട്ടിട്ടുണ്ട്; ഇതിൽ കൊലപാതകമെത്ര;

(ഡി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പെൺവാണിഭ സ്ത്രീപീഡന കേസ്സുകൾ

41. [41] ശ്രീ. മത്തായിചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly